പ്രതിജ്ഞ : 2019 ഗാന്ധിജയന്തിയോടനുബന്ധിച്ച്

**പ്രതിജ്ഞ**

മാലിന്യങ്ങൾ സുരക്ഷിതമായി സംസ്ക്കരിക്കാതെ അലക്ഷ്യമായി വലിച്ചെറിയുന്നതും കത്തിക്കുന്നതും സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും ആരോഗ്യ പ്രശ്നങ്ങളെ ക്കുറിച്ചും എനിക്ക് ബോധ്യമുണ്ട്. ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരം മാലിന്യങ്ങൾ ഉല്പാദിപ്പിക്കുന്നവർ തന്നെ അവ തരം തിരിക്കണമെന്നും അഴുകുന്നവ ജൈവ സംസ്ക്കരണത്തിന് വിധേയമാക്കണമെന്നും അഴുകാത്തവ ഗ്രാമപഞ്ചായത്തിന്റെ/ നഗരസഭയുടെ നിർദ്ദേശാനുസരണം കൈമാറണമെന്നും എനിക്കറിയാം. ഒരു തരത്തിലുള്ള മാലിന്യങ്ങളും വലിച്ചെറിയുകയോ, കത്തിക്കുകയോ ഒഴുക്കി വിടുകയോ ചെയ്യാൻ പാടില്ല എന്നും അങ്ങനെ ചെയ്താൽ നിയമനടപടികൾ നേരിടേണ്ടി വരുമെന്നും എനിക്ക് വ്യക്തമായ ധാരണയുണ്ട്. ഈ നിയമങ്ങൾ എന്റേയും വരും തലമുറയുടേയും നിലനിൽപ്പിനെ ലക്ഷ്യമിട്ടു ള്ളതായതിനാൽ പൂർണ്ണ മനസ്സോടെ ഞാൻ ഈ നിയമങ്ങൾ അനുസരിക്കുമെന്നും, ഒരു തരം മാലിന്യങ്ങളും വലിച്ചെറിയുകയോ, കത്തിക്കുകയോ, ഒഴുക്കി വിടുകയോ ചെയ്യില്ല എന്നും ഞാൻ എന്റെ ഹൃദയത്തിൽ തൊട്ട് പ്രതിജ്ഞ ചെയ്യുന്നു.

പ്രതിജ്ഞ.... പ്രതിജ്ഞ.... പ്രതിജ്ഞ...